# ജീസസ് യൂത്ത് ജൂബിലി കോൺഫറൻസ്

2010 ഡിസംബർ 28– 2011 ജനുവരി 1,
രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി
കാക്കനാട്, എറണാകുളം

## ജൂബിലി– വിചിന്തനം

അന്താരാഷ്ട്ര യുവജനവർഷ ആഘോഷത്തോടനുബന്ധിച്ച് 1985 ൽ എറണാകുളത്ത് ജീസസ് യൂത്ത് 85 എന്ന പേരിൽ നടന്ന യുവജനസമ്മേളനം പീന്നീട് ഒരു വലിയ മുന്നേറ്റത്തിനും അതിന്റെ സുന്ദരമായ പേരിനും ഇടയാക്കി. ആ മഹാ സംഭവത്തിന്റെയും, നാമത്തിന്റെയും, അതിവേഗം വളർന്ന മുന്നേറ്റത്തിന്റെയും ജൂബിലി നമ്മൾ ആഘോഷിക്കുകയാണ്. ഈ മുന്നേറ്റത്തിലെ അംഗങ്ങൾ 2010 ഡിസംബർ അവസാനനാളുകളിൽ ജൂബിലി കോൺഫറൻസിനായി ഒത്തുചേരുന്നു. ഈ സമ്മേളനത്തിൽ അർത്ഥപൂർണ്ണമായ പങ്കെടുക്കലിന് സഹായകരമായ ചില വിചിന്തനങ്ങളാണ് ഇതിലുൾക്കൊള്ളിച്ചിരിക്കുന്നത്. വ്യക്തിപരമായി വായിക്കുവാനും പരിചിന്തനം നടത്തുവാനും സെല്ലുകളിലും ഗ്രൂപ്പുകളിലും വായിച്ചു ചർച്ച ചെയ്യാനും ഇത് ഉപകരിക്കും. ആഗമനകാലത്ത് ഈ വിചിന്തനസഹായിയും ഇതിലെ ചോദ്യങ്ങളും ആവർത്തിച്ചുപയോഗിക്കുന്നതും അനുബന്ധ വചനഭാഗങ്ങൾ വായിക്കുകയും, തീഷ്ണമായ മദ്ധ്യസ്ഥ പ്രാർത്ഥനക്ക് സമയമെടുക്കുകയും ചെയ്യുന്നത് ഈ കോൺഫറൻസിൽ നമ്മുടെ പങ്കാളിത്തം കൃപ നിറഞ്ഞ ഒരു തീർത്ഥാടനമായി മാറാൻ സഹായകരമാകും. .

**ജൂബിലിയുടെ അനുഗ്രഹനിറവിൽ**

ജൂബിലിയുടെ കൃപാവരങ്ങൾ നിറഞ്ഞുകവിയുന്ന ഈ നിമിഷങ്ങളിൽ കർത്താവ് നമുക്ക് ഓരോരുത്തർക്ക് വ്യക്തിപരമായും ഈ മുന്നേറ്റത്തിന്റെ യാത്രയിൽ പൊതുവായും ചൊരിഞ്ഞ അനുഗ്രങ്ങളിലേയ്ക്ക് നമ്മുടെ ഹൃദയം നന്ദിയോടെ തിരിയുന്നു. കർത്താവ് ഞങ്ങൾക്കുവേണ്ടി വൻകാര്യങ്ങൾ ചെയ്തിരിക്കുന്നു. ഞങ്ങൾ സന്തോഷിക്കുന്നു.(സങ്കീ. 126:3) മുന്നേറ്റത്തിന്റെ അന്തസത്തയായ ദൈവ സ്തുതിയുടെ മനോഭാവത്തിലേക്ക് ഉയരുവാനും ഇതൊരവസരമാണ്. പരിശുദ്ധ മറിയത്തോടൊപ്പം നമ്മുക്കും ആഹ്ലാദപൂർവം ഉദ്ഘോഷിക്കാം. ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്. (ലൂക്കാ 1:49)

**1. ജൂബിലിയുടെ പ്രസക്തി – ഇന്നലെ, ഇന്ന്, നാളെ**

കർത്താവിങ്കലേയ്ക്ക് നന്ദിയോടെ ഓരോരുത്തരും തിരിയുന്ന ഒരു ചരിത്ര നിമിഷമാണ് മുന്നേറ്റത്തിന്റെ ജൂബിലി. കാലഘട്ടത്തിന്റെ നാഥനായ, കാലാകാലങ്ങളിൽ ചെറിയ പടികളിലൂടെ നമ്മിൽ പ്രവർത്തിച്ച കർത്താവ് ഈ ചെറിയ അജഗണത്തെ 'പടിപടിയായി' പച്ചപ്പുള്ള വിശാലമായ താഴ്‌വരകളിലേയ്ക്ക് നയിക്കും എന്ന് ഈ മുന്നേറ്റത്തിന്റെ തുടക്കത്തിൽ നല്കിയ വാഗ്ദാനം നമ്മൾ ഓർക്കുന്നു. കഴിഞ്ഞ കാലഘട്ടത്തിൽ ഈ നിമിഷം വരെ കർത്താവ് നമ്മെ 'ആഴങ്ങളിൽനിന്ന് ആഴങ്ങളിലേയ്ക്ക്' നയിച്ചതിനെക്കുറിച്ച് പരിചിന്തനം ചെയ്യുന്ന കർത്താവിന്റെ ഈ സമയത്തിൽ ( കെയ്റോസ്), ഉന്നതങ്ങളിൽ നിന്നുള്ള ശക്തിയാൽ (ലൂക്കാ 24:49) നമ്മെ നിറച്ച് അവിടുത്തെ മുന്തിരിത്തോപ്പിൽ കൂടുതൽ അദ്ധ്വാനിക്കുവാനും ഫലം പുറപ്പെടുവിക്കാനും നമ്മെ നിയുക്തരാക്കുന്നു. നമ്മുടെ മുന്നേറ്റത്തെ എക്കാലവും പ്രചോദിപ്പിച്ചിരുന്ന പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പയുടെ വാക്കുകൾ – ''ഭൂതകാലത്തെ നന്ദിയോടെ ഓർക്കാനും വർത്തമാനകാലത്തിൽ ആവേശത്തോട ജീവിക്കാനും ഭാവിയിൽ ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകുവാനും'' – ഈ ജൂബിലി നാളുകളിൽ നമ്മുടെ ഹൃദയങ്ങളിൽ എന്നും തുടിക്കട്ടെ.

പഴയ നിയമത്തിൽ ജൂബിലി ആഘോഷിക്കാനുള്ള ആഹ്വാനം (ലേവ്യ 25) കേവലം സ്വാർത്ഥ കേന്ദ്രീകൃതമായ മതാനുഷ്ടാനത്തിൽനിന്ന് വ്യത്യസ്തമായി ആത്മീയതയുടെ വിശാലമാനത്തിൽ വേരുകൾ ഉറപ്പിക്കാൻ വ്യക്തിയെ സഹായിക്കുന്നു. ജൂബിലിയുടെ വ്യത്യസ്ത കാലഘട്ടങ്ങളിൽ ഭൂതകാലം പ്രധാനഘടകമാണ്. നമ്മളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായി ഈ അവസരം വാക്കുകളുടെയും പ്രവർത്തികളുടെയും കടങ്ങൾ ഇളച്ചുകൊടുക്കാനും പരസ്പരം ക്ഷമിക്കാനും ഉള്ള അവസരമാണ്. യേശുവിന്റെ ശക്തമായ ക്ഷമയുടെ പ്രാർത്ഥനയും ജീവിതവും പ്രവൃത്തിയും പഠനവും എല്ലാം തന്നെ നമ്മളെ നയിക്കുന്ന പ്രകാശമായി നിലകൊള്ളുന്നു. ക്ഷമിക്കുക എന്നത് നമ്മുടെ ജീവിതത്തിൽ വളരെ പ്രയാസകരമാണ്. ക്രിസ്തീയ ജീവിതരീതി കെട്ടിപ്പടുക്കുന്നതിനും പ്രേഷിത ജീവിതശൈലി രൂപപ്പെടുന്നതിനും ഇത് പ്രധാനപ്പെട്ടതാണെന്ന് ഓർക്കുക. അത് നമ്മുടെ മിനിസ്ട്രികളുടെയും ഗ്രൂപ്പിന്റെയും കാര്യക്ഷമമായ വളർച്ചയ്ക്കും വിശുദ്ധിക്കും, വിള്ളലുകൾ ഇല്ലാതാക്കുവാനും സ്നേഹത്തിന് മങ്ങലേല്ക്കാതിരിക്കാനും ഇടയാക്കുന്നു.

ജൂബിലി സ്തുതിപ്പിന്റെ സമയമാണ്. അനുഗ്രഹങ്ങളെ എണ്ണാനുള്ള സമയമാണ്.

- ഞാൻ എത്രമാത്രം ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു?
- ദൈവമെന്നിൽ ആരംഭിച്ച പ്രവർത്തികളോട് ഞാൻ എത്രമാത്രം വിശ്വസ്തനായിരുന്നു?.
- അവിടുത്താൽ നയിക്കപ്പെട്ടപ്പോൾ ഞാൻ അവിടുത്തോടൊപ്പം നടന്നുവോ?
- കർത്താവ് എന്നോട് ''പോകാൻ'' ആവശ്യപ്പെട്ടപ്പോൾ ഞാൻ തയ്യാറായോ?
- സന്തോഷപൂർവ്വം മുന്നോട്ടുപോയോ?
- എന്റെ ജീവിതത്തിൽ ക്ഷമയ്ക്കും തിരുത്തലിനും ആവശ്യകമായ തലങ്ങളും ബന്ധങ്ങളും ഏതെല്ലാമാണ്?. തുടങ്ങി വിവിധതലങ്ങൾ പരിശോധിക്കാൻ ജൂബിലി നമ്മളോട് ആവശ്യപ്പെടുന്നു.

**2. ജൂബിലി എന്റെ ഭവനത്തെ ക്രമപ്പെടുത്താനുള്ള വിളിയാണ്**

ജൂബിലി നമുക്ക് പ്രത്യേകമായ കൃപയുടെ സമയമാണ്. കർത്താവ് കടന്നുപോയപ്പോൾ അവനെവിളിച്ച് അവന്റെ മുമ്പിൽ ജീവിതങ്ങൾ തുറന്ന അനേകം സംഭവങ്ങൾ സുവിശേഷത്തിലുണ്ട്. നമ്മുടെ മുന്നേറ്റത്തിന്റെ ഏറ്റവും

പ്രധാനപ്പെട്ട ഈ കാലയളവിൽ കർത്താവിങ്കലേക്ക് അർത്ഥപൂർണ്ണമായി തിരിയുവാൻ നമുക്ക് കഴിയണം. ജൂബിലിയുടെ പ്രത്യേക കൃപാവരം കർത്താവ് നമ്മിലേക്ക് ചൊരിയുവാൻ കാത്തിരിക്കുമ്പോൾ നമ്മുടെ ജീവിതത്തിന്റെ ചില പ്രത്യേക തലങ്ങളെ തുറവിയോടെ ദൈവകരങ്ങളിൽ കൊടുക്കുവാൻ കഴിയണം.

ആത്മാവിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിചെന്ന് കർത്താവിനോടൊപ്പം എന്നും ആയിരിക്കുക എന്നത് ജീസസ് യൂത്ത് എന്ന നിലയിൽ നമുക്കേവർക്കും ഒരു വെല്ലുവിളിയായി അനുഭവപ്പെട്ടിട്ടുണ്ട്. കർത്താവുമായിട്ടുള്ള വ്യക്തിപരമായ കണ്ടുമുട്ടലായിരുന്നു ആഴങ്ങളിലേക്കുള്ള എന്റെ യാത്രയുടെ തുടക്കം. ആ നവ തുടക്കം ജീവിതത്തിൽ ഒരു പുതു സന്തോഷവും പുതുഅർത്ഥവും ഉൾക്കൊണ്ട് ''പുതിയ ആകാശവും പുതിയ ഭൂമിയും'' സൃഷ്ടിക്കുവാനും അതിനായി എന്ത് ക്ലേശവും സഹിക്കാനും നമ്മെ തയ്യാറാക്കി. ഞാൻ പലതും ഉപേക്ഷിക്കുകയും കർത്താവെന്നെ പ്രത്യേകമായി സ്നേഹിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. എന്നാൽ നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. (വെളി 2:4). കർത്താവുമായിട്ടുള്ള ബന്ധം നവീകരിക്കാനും അതിൽ പുനർജീവിക്കാനും പഴയ പ്രകൃതിയെ ഉപേക്ഷിച്ച് പുതിയതു ധരിക്കാനും (എഫേ. 4:22-23) ആത്മാവിൽ പുതുജീവിതം നയിക്കാനുമുള്ള സമയമാണിത്. എനിക്കുള്ളതെല്ലാം ഞാൻ ഉപേക്ഷിച്ചപ്പോൾ എന്റെ ശൂന്യതയിൽ അവിടുത്തെ ധന്യത നിറഞ്ഞു. അവിടുത്തെ ആത്മാവിന്റെ കൃപകളാൽ എന്നെ ധന്യനാക്കി. ദൈവപൈതലിന്റെ സന്തോഷവും ഫലങ്ങളും ഉള്ളതാക്കി എന്നെ മാറ്റി. ഒരിക്കൽ കണ്ടെത്തിയതും പിന്നീട് നഷ്ടപ്പെട്ടതുമായ ധന്യതയെ നവീകരിക്കാൻ ഇന്ന് കർത്താവ് ക്ഷണിക്കുന്നു.

അനുദിനം കർത്താവിനോടു ചേർന്നുനടന്ന് പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും സർവ്വശക്തിയോടും കൂടി സന്തോഷപൂർവ്വം അവിടുത്തെ സ്നേഹിക്കുന്നതിൽ വളരുക എന്ന സന്തോഷകരമായ ദൗത്യമായിരിക്കണം എല്ലാ സജീവക്രൈസ്തവന്റെയും ജീവിതലക്ഷ്യം. ആത്മാവിൽ പുതുജീവിതം കണ്ടെത്തിയ ഒരു വ്യക്തിക്ക് ഈ മുന്നേറ്റം ശിഷ്യത്വത്തിന്റെ നേഴ്സറിയായി, വിശുദ്ധിയിലേയ്ക്കുള്ള യാത്രയായി പരിണമിച്ചു. മുന്നേറ്റത്തിന്റെ സ്ഥായിഘടകങ്ങൾ ദൈവത്തോടും മനുഷ്യരോടും ഒപ്പമുള്ള നമ്മുടെ യാത്രയെ സുഗമമാക്കി. ജൂബിലി അവകാശസ്ഥലങ്ങളിലേയ്ക്ക് തിരികെപോകാനുള്ള വിളിയാണ്.(ലേവ്യ 25:10,13) നമ്മുടെ ആത്മീയ അടിത്തറ പുനർനിർമ്മിക്കാനുള്ള സമയമാണ്. സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ പൂർണ്ണനാകാനും (മത്താ. 5:48), ക്രിസ്തുവിന്റെ സമ്പൂർണ്ണതയിൽ വളരാനും(എഫേ. 4:13)അവിടുത്തെ സന്നിധിയിലായിരുന്നുകൊണ്ട്വചനത്തിൽ ആഴപ്പെട്ട് ആത്മാവിന്റെ കൂട്ടായ്മയിൽ ആയിരിക്കേണ്ടത് അത്യാവശ്യമാണ്. എന്റെ ആദ്യ സ്നേഹം പുനർജ്ജീവിപ്പിക്കുവാനും ''കർത്താവിങ്കലേയ്ക്ക് തിരിയുവാനും'' സാധിക്കണം.

•അവിടുത്തെ ആത്മാവിന്റെ വരങ്ങളും കൃപകളും നട്ടുവളർത്തുന്നതിൽ ഞാൻ വിശ്വസ്തനായിരുന്നോ? ഈ സമയം ആറു അടിസ്ഥാനശിലകളോടുള്ള എന്റെ വിശ്വസ്തതയെ പരിശോധിക്കാനുള്ള സമയമാണ്.

**3. ജൂബിലി കൂട്ടായ്മയുടെ ആത്മാവിന്റെ നവീകരണമാണ്.**

ലേവ്യരുടെപുസ്തകത്തിൽ പറയുന്നതുപോലെ ഓരോരുത്തരും തന്റെ കുടുംബത്തിലേയ്ക്ക് തിരിച്ചുപോകുന്ന സമയമാണ് ജൂബിലി. (25:10). ക്രിസ്തുവുമായിട്ടുള്ള സൗഹൃദത്തിന്റെ ഊഷ്മളതയിൽ അടിസ്ഥാനമിട്ട് വിവിധ സെല്ലുകളിലുള്ള നിരന്തര കൂട്ടായ്മ ഈ മുന്നേറ്റത്തിന്റെ സാധാരണ ശൈലിയാണ്. ദൈവരാജ്യത്തിനായുള്ള ആഴത്തിലുള്ള പ്രതിബദ്ധതയുടെ സന്തോഷപൂർവ്വമായ അനുഭവത്തിൽ നിന്ന് ശിഷ്യത്വത്തിന്റെ അടയാളങ്ങളിലേക്കും സൗഹൃദ കൂട്ടായ്മയുടെ ആഴങ്ങളിലേക്കും പണിതുയർത്താനുള്ള സമയമാണിത്.നമ്മുടെ ജോലിയുടെയും വിനോദത്തിന്റെയും ബന്ധങ്ങളുടെയും ആവശ്യങ്ങളിൽനിന്നു കൊണ്ട്തന്നെ നമ്മുടെ ആന്തരിക ജീവിതത്തിന്റെയും പ്രേഷിതത്വത്തിന്റെയും അടിസ്ഥാനആവശ്യങ്ങളെ അവഗണിക്കാതെ (ഹെബ്രാ 10:25)ജീവിക്കാൻ സാധിക്കണം. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ നമുക്ക് ചൂണ്ടുപലകയാകട്ടെ– ''സഭ നമ്മുടെ ഭവനവും സൗഹൃദത്തിന്റെ വിദ്യാലയുവുമാണ്. ദൈവികപദ്ധതിയോട് വിശ്വസ്തരാകാൻ ആഗ്രഹിച്ചും ഈ ലോകത്തിന്റെ ആഴമേറിയ ആവശ്യങ്ങളോട് പ്രതികരിച്ചും - ജീവിക്കുക എന്നത് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നമുക്കുള്ള വെല്ലുവിളിയാണ്.'' (നവസഹസ്രാബ്ദത്തിലേക്ക് 43)

ജീസസ് യൂത്ത് കൂട്ടായ്മകളിലുള്ള എന്റെ പങ്കാളിത്തം എന്റെ വ്യക്തിപരമായ തീരുമാനവും ഗ്രൂപ്പിനോടുള്ള വാഗ്ദാനമാണ്. കേവലം എന്റെ വ്യക്തിപരമായ താല്പര്യങ്ങൾക്കും വികാരങ്ങൾക്കും അടിമപ്പെടാതെ അധികാരത്തോട് വിധേയപ്പെടാനുള്ള (ലൂക്കാ 7:8) സത്യസന്ധമായ കത്തോലിക്കാ മനോഭാവത്തിന്റെ ഉൽസാഹം കൂട്ടായ്മയോടുള്ള എന്റെ ശക്തമായ പ്രതിബദ്ധതക്ക് ആവശ്യമാണ്. ക്രിസ്തീയ ജീവിത രീതി, ആഴമേറിയ ബന്ധങ്ങൾ, ചെറിയ കാര്യങ്ങളോടുള്ള വിശ്വസ്തത (ലൂക്കാ 16:10) സ്നേഹത്തിന്റെ ഒരു പ്രതിസംസ്കാരം തുടങ്ങിയവയിൽ അതിസ്ഥാനപ്പെടുത്തിയുള്ള ചെറുസമൂഹങ്ങളെ സൃഷ്ടിക്കപ്പെടണം. ഈ നൂറ്റാണ്ടിന്റെ വെല്ലുവിളിക്കായി മനസ്സർപ്പിച്ച്, ചെറിയ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് , ക്രിസ്തുവിന്റെ വലിയ സ്വപ്നം പണിതുകൊടുക്കാനുള്ള തുടർച്ചയായ വിളിയായി ഈ ജൂബിലി നമുക്ക് ഓരോരുത്തർക്കും, മുന്നേറ്റത്തിന് മുഴുവനായും മാറണം. സന്തോഷപ്രദവും ഫലദായകവുമായ ജീവിതത്തിന് പ്രതിബദ്ധതയും പക്വതയുമുള്ള ക്രിസ്തീയവ്യക്തിത്വങ്ങളോടൊപ്പം ഗുണപരമായി സമയം ചിലവഴിച്ച് അവരിൽനിന്ന് മാർഗനിർദേശങ്ങൾ തേടുന്നത് അത്യാവശ്യമാണ്.

•എനിക്കും ചുറ്റും ഒരു ക്രിസ്തീയ സൗഹൃദം ഞാൻ കണ്ടെത്തിയോ?

•എനിക്ക് ഇത് എപ്രകാരം ഉറപ്പ് വരുത്താനാവും?

•എന്റെ ജീവിതത്തിൽ ഈ പരിഗണനയും പ്രതിബദ്ധതയും എത്രമാത്രം പ്രാധാന്യമേറിയതാണ്.

**4. ജൂബിലി ക്രിസ്തുവിന്റെ മൗതികശരീരത്തോടുള്ള അഭേദ്യമായ വിശ്വസ്തതയാണ്**

'ഒരു ചെറിയ വെളിച്ചം വ്യാപകമായ സഭയെ പ്രകാശവത്കരിക്കുന്നു' എന്നത് ഈ മുന്നേറ്റത്തിന്റെ വ്യതിരക്തമായ പ്രതിച്ഛായയാണ്. സഭാപ്രവർത്തനങ്ങളിൽ ഏറെ സമ്പുഷ്ടവും ഫലദായകവുമായ പുളിമാവാണ് ജീസസ് യൂത്ത്.

സഭയുടെ ശുശ്രൂഷയിൽ സജീവമാവുക എന്ന ആപ്തവാക്യത്തിൽ ഊന്നിനിന്നുകൊണ്ടുള്ള ഒരു മുന്നേറ്റമാകയാൽ ജീസസ് യൂത്ത് പുതുതലമുറയ്ക്ക് ക്രിസ്തുവിന്റെ മൗതികശരീരമായ സഭയിൽ സജീവ പ്രവർത്തനത്തിനുള്ള വേദി നിരന്തരം ഒരുക്കുന്നു. കൗദാശിക ജീവിതത്തിലുള്ള തീഷ്ണതയും, സഭാ കൂട്ടായ്മയിൽ സജീവഭാഗഭാഗിത്വവും, അജപാലനകാര്യങ്ങളിൽ ശ്രദ്ധാപൂർവകമായ പരിഗണനയും ഒരു സജീവജീസസ് യൂത്തിന്റെ പ്രത്യേകതകളാണ്. ഭൂമി മുഴുവൻ സ്വാതന്ത്ര്യം പ്രഘോഷിക്കുന്ന (ലേവ്യ 25:10) ഈ ജൂബിലി ആഘോഷങ്ങൾ നമ്മുടെ സഭാജീവിതത്തോടുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തുവാനുള്ള സമയമാണ്.

നമ്മുടെ മുന്നേറ്റത്തിലുള്ള പല സുഹൃത്തുക്കളും സഭയിലുള്ള അവരുടെ പ്രത്യേകവിളിയും ദൗത്യവും കണ്ടെത്തി, പോകുവിൻ (മത്താ 28:19) എന്ന കർത്താവിന്റെ ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് അവരിൽ ചിലർ ഭൂമിയുടെ അതിർത്തികൾ വരെ പോകാനുള്ള തീരുമാനവുമെടുത്തു. മുന്നേറ്റത്തിന്റെ ഭാഗമായ എല്ലാവർക്കും 'സഭയോടൊത്ത് ചിന്തിക്കുവാനും' സഭാ നിർമ്മിതിയിൽ ശക്തമായ ഉപകരണങ്ങളാകാനുമുള്ള കർത്താവിന്റെ പ്രത്യേകമായ വിളിയാണ് ജൂബിലി.

•കുമ്പസാരം, വിശുദ്ധ കുർബാനഎന്നി കൂദാശസ്വീകരണത്തിൽ എനിക്കെത്രത്തോളം ഭാഗഭാഗിത്വമുണ്ട്?. •എന്റെ ഇടവക ജീവിതത്തിൽ എനിക്ക് സജീവമായ പങ്കാളിത്തവും സഭയുടെ ജീവിതത്തിൽ ഉണ്ടോ?

•സഭയുടെ പഠനങ്ങളെയും സഭയെയും സ്നേഹിക്കുവാനും അറിയുവാനും എത്രത്തോളം സമയം ഞാൻ കണ്ടെത്തുന്നു?

•ഞാൻ ജീവിക്കുന്ന സാഹചര്യങ്ങളിൽ ഒരു യുവജനശുശ്രൂഷ കെട്ടിപ്പടുക്കുന്നതിലും സഭയുടെ അജപാലനദൗത്യത്തിൽ പങ്കാളിയാകുന്നതിലും ഞാൻ സജീവമാണോ?

**5. ജൂബിലി കർത്താവിന്റെ അഗ്നിയിൽ നമ്മളെ ജ്വലിപ്പിക്കുന്നു**

നമുക്കോരോരുത്തർക്കും ജൂബിലി പരിശുദ്ധാത്മാഭിഷേകത്തെ നവമായി പ്രഖ്യാപിക്കാനും (ലൂക്കാ 4:18) എല്ലാവരോടും സ്വാതന്ത്യം പങ്കുവയ്ക്കുവാനുമുള്ള (ലേവ്യ 25:10,54) അവസരമാണ്, മുന്നേറ്റത്തിന്റെ പ്രേഷിത പ്രതിബദ്ധതയെ നവീകരിക്കാനുള്ള സമയമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ പടിപടിയായി, വ്യത്യസ്തമായ രീതികളിൽ സദ്വാർത്ത അറിയിക്കുവാനും ക്രിസ്തീയ സംസ്കാരം കെട്ടിപ്പടുക്കുവാനും ജീസസ് യൂത്ത് നയിക്കപ്പെട്ടു. വിവിധ യുവജനങ്ങളും അവരുടെ വ്യത്യസ്തമായ സാഹചര്യങ്ങളും, യേശുവിന്റെ സന്ദേശത്തെ അവരിലേക്ക് എത്തിക്കാനുള്ള ആഴമേറിയ താല്പര്യം മുന്നേറ്റത്തിൽ ഉണർത്തി. വ്യത്യസ്തമായ യുവജനതലങ്ങൾ, തൊഴിൽമേഖലകൾ, മാധ്യമങ്ങൾ, കുടിയേറ്റം തുടങ്ങി അനവധി സാധ്യതകൾ ഈ മുന്നേറ്റത്തിന്റെ പ്രധാനപ്രവർത്തനമേഖലകളായി മാറുന്നു. ഈ മേഖലകളിലെ വെല്ലുവിളികളെ അഭിമുഖീകരിക്കാനും തരണം ചെയ്യുവാനും സഹായകരമായ അനേകം പരിശീലനസമീപനങ്ങൾ മുന്നേറ്റത്തിൽ രൂപപ്പെട്ടു.

നമ്മൾ ഓരോരുത്തരും ദൈവത്തിൽ നിന്നും, സഭയിൽ നിന്നും, ഈ കൂട്ടായ്മയിൽ നിന്നും ധാരാളമായി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ എത്രത്തോളം തിരികെ നൽകിയിട്ടിട്ടുണ്ട്/ നൽകുന്നുണ്ട്? ഒരു പുതുതീരുമാനത്തിന്റെ തുടക്കവും തുടങ്ങി വച്ചവയുടെ നിലനിർത്തലുമാണ് വേണ്ടത്. പ്രാർത്ഥനാജീവിതത്തിൽ തീക്ഷ്ണതയുള്ളവരും ജീവിതദൗത്യത്തിൽ സമർപ്പിതരും അവരുടെ സമയവും കഴിവും വിഭവങ്ങളും ദൈവരാജ്യ നിർമ്മിതിയിൽ ചെലവഴിക്കുന്നരുമായ അനേകർ - പ്രതിബദ്ധതയുള്ള നിരവധി മിഷനറിമാർ നമ്മുടെ മുന്നേറ്റത്തിലുണ്ട്. ആധുനിക ജീവിതവും സാങ്കേതിക വിദ്യയും വ്യത്യസ്തമായ സൗകര്യങ്ങളും പമ്ഥാവുകളും നമുക്ക് നൽകി. എന്നാൽ ഇവയെല്ലാം നമ്മുടെ വ്യത്യസ്ത ശുശ്രൂഷാമേഖലകളിൽ, ദൈവരാജ്യനിർമ്മിതിയിൽ തീക്ഷ്ണതയോടെ ഉപയോഗിക്കാൻ സാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള അവസരമാണിത്.

ദരിദ്രരിലേക്ക് സദ്വാർത്ത എത്തിക്കാൻ ജൂബിലി നമ്മെ ക്ഷണിക്കുന്നു. ദരിദ്രർക്കും ക്ലേശിതർക്കും നമ്മൾ നൽകുന്ന പ്രാധാന്യവും പരിഗണനയമാണ് സത്യസന്ധമായ ക്രൈസ്തവ പ്രതിബദ്ധതയുടെ അളവുകോൽ.

• ഇപ്രകാരമുള്ള പ്രതിബന്ധതയിൽ വളരാൻ മുന്നേറ്റം എന്നെ സഹായിക്കുന്നണ്ടോ?

• കർതൃശുശ്രൂഷക്കായി ഞാൻ സ്ഥിരമായി എത്ര സമയം മാറ്റിവയ്ക്കുന്നു്?.

•മാറിവരുന്ന എന്റെ ജീവിതസാഹചര്യങ്ങൾ ക്രൈസ്തവദൗത്യനിർവഹണത്തിൽ എന്നെ സഹായിക്കുകയാണോ തടസ്സപ്പെടുത്തുകയാണോ ചെയ്യുന്നത്?

•തുടങ്ങിവച്ച കാര്യങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിൽ എത്രമാത്രം വിശ്വസ്ത ഞാൻ പുലർത്തുന്നുണ്ട്. •അശരണർക്കും ദരിദ്രർക്കുമായി എനിക്ക് എന്ത് ചെയ്യാൻ സാധിക്കും.?

• ജൂബിലി എന്റെ പ്രേഷിത പ്രതിബദ്ധതയിൽ എന്ത് മാറ്റങ്ങൾ ആണ് വരുത്തുന്നത്?

**6. ജൂബിലി നമ്മൾ ഒന്നിച്ചാഘോഷിക്കുന്നു**

കഴിഞ്ഞ ഒരു വർഷമായി നമമൾ ജൂബിലി നാളുകളിലൂടെയുള്ള യാത്രയിലായിരുന്നു. ഇപ്പോൾ ജൂബിലി ആഘോഷങ്ങളുടെ പര്യവസാനമായി ജൂബിലി കൊൺഫറൻസിലേയ്ക്ക് ഉറ്റുനോക്കുന്നു. എത്രമാത്രം അർത്ഥപൂർണ്ണമായി നമുക്ക് ഇതിൽ പങ്കെടുക്കാം? വെറുമൊരു പ്രോഗ്രാമിലെ സാധാരണ പങ്കാളിത്തത്തേക്കാളുപരിയായി, ആഴമേറിയ ദാഹത്തോടെ കർത്താവിൽനിന്ന് കുടുതൽ അത്ഭുതങ്ങൾ പ്രത്യാശിച്ചുകൊണ്ടു നമ്മൾ പങ്കെടുക്കണം. കർത്താവുമായിട്ടുള്ള ഏത് ആഴമേറിയ കണ്ടുമുട്ടിലിനു മുന്നോടിയായി കുരിശിന്റെ, സഹനത്തിന്റെ വ്യത്യസ്ത രൂപങ്ങളുണ്ട് എന്ന കാര്യം മറക്കരുത്. അതുകൊണ്ട്തന്നെ കോൺഫറൻസിനായി നമ്മൾ ഒരുങ്ങുന്ന ഈ നാളുകളിലോ, കോൺഫ്രറൻസ് ദിനങ്ങളിലോ 'മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിലുടെ' (സങ്കീ 23:4) നടക്കേണ്ടിവന്നാൽ പോലും ഞാൻ അസ്വസ്ത്തനാകില്ല. കാരണം പുതുജീവനിലേക്ക് നയിക്കുന്ന കർത്താവിന്റെ കരസ്പർശത്തിന്റെ ആഴമേറിയ പ്രത്യാശ എന്നെ തീർച്ചയായും ആശ്വസിപ്പിക്കുന്നു. എന്റെ വ്യക്തിപരമായ അനുഗ്രഹത്തിനോ നേട്ടത്തിനോ വേണ്ടി ചോദിക്കുവാനും അന്വേഷിക്കുവാനും മാത്രമല്ലാതെ അതിലുപരി കർത്താവിനോടുള്ള തീഷ്ണതയിൽ ജ്വലിക്കു

വാനും ആ അഗ്നിയിൽ സ്നാനപ്പെടുവാനുമുള്ള അതിയായ ആഗ്രഹത്തിനുവേണ്ടിയാണ് നമ്മൾ ജൂബിലിയിൽ പങ്കെടുക്കേണ്ടത്. ഏത് ജീസസ് യൂത്ത് പ്രോഗ്രാമിലും നമ്മൾ സ്വീകരിക്കുവാനല്ല വരുന്നത് കൊടുക്കുവാനാണ്. വലിയ പ്രഘോഷകരെ കേൾക്കുവാനല്ല, ഒരു സ്നേഹസമൂഹത്തിന്റെ ഊർജസ്വലമായ രൂപീകരണത്തിന്റെ മഹത്വപൂർണ്ണമായ ദർശനത്തിന് സാക്ഷിയാകുവാനാണ്.

നിങ്ങൾ ജൂബിലി കോൺഫ്രൻസിനായി അണയുമ്പോൾ ആത്മാവിൽ പ്രാർത്ഥിക്കാനുള്ള അഗാധമായ നിമിഷങ്ങളിലേക്കും, ഹൃദയത്തിന്റെ ആഴങ്ങളിൽ കർത്താവ് നിങ്ങളോട് സംസാരിക്കുന്ന സമയങ്ങളിലേക്കും, തീഷ്ണതയുള്ള ജീസസ് യൂത്ത് മിഷനറിമാരുമായി ഇടപഴകുന്ന നിമിഷങ്ങളിലേക്കും, സഭയുടെ സൗന്ദര്യത്തെ കണ്ടെത്തുന്നതിലേക്കും, വരും നാളുകളിൽ ദൈവമെന്ത് ആഗ്രഹിക്കുന്നു എന്ന് തിരിച്ചറിയുന്നതിലേക്കും ഉറ്റുനോക്കുവിൻ. വ്യത്യസ്തമായ ഒരു ജീസസ് യൂത്ത് മുന്നേറ്റത്തെ നിങ്ങൾ തീർച്ചയായും അവിടെ കണ്ടെത്തും. കർത്താവ് ആഗ്രഹിക്കുന്ന ജീസസ് യൂത്ത് മുന്നേറ്റം എന്തായിരിക്കണമെന്ന സ്വപ്നത്തിന് സാക്ഷിയാകുവാൻ അതിലുപരി ഒരു പുതിയ മിഷനറി ചൈതന്യം നിറഞ്ഞ് ആഴമേറിയ വിളി നിങ്ങൾക്ക് ലഭിക്കും.

- ജൂബിലി ഫലപ്രദമാകാൻ കോൺഫ്രൻസിനുമുമ്പും കോൺഫറൻസ് നാളുകളിലും അതിനുശേഷവും എന്റെ സംഭാവനയെന്താണ്?
- ഈ നാളുകളിൽ എന്ത് സംഭവിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്?
- എന്റെ സജീവ പങ്കാളിത്തം ഈ കോൺ ഫറൻസിലുണ്ടാകുവാൻ എന്ത് ഒരുക്കമാണ് ഞാൻ നടത്തേണ്ടത്?

**നമുക്ക് സന്തോഷത്തോടെ പോകാം**

ജൂബിലിയുടെ മൂർദ്ധന്യനിമിഷത്തിൽ നമ്മൾ എത്തിക്കഴിഞ്ഞു. നമ്മുടെ ആത്മീയ പൈതൃകത്തിന്റ പങ്ക് അവകാശപ്പെടുന്നവരിലും മുന്നേറ്റത്തിലും കർത്താവിന്റെ കൃപാമാരി പെയ്തിറങ്ങുന്നതിന് നമ്മൾ സാക്ഷികളാകുന്നു. പരിശുദ്ധ പിതാവ് ജൂബിലി കോൺഫ്രൻസിൽ പങ്കെടുക്കുന്നവർക്ക് പ്രത്യേക അനുഗ്രങ്ങൾ♦ പ്രഖ്യാപിച്ചു കഴിഞ്ഞു. ധാരാളം വൈദികരും സഭയിലെ മുതിർന്നവരും പ്രോത്സാഹനവും പങ്കുചേരലും മൂലം നമ്മുടെ ഒത്തുവരവിനെആത്മീയ അനുഗ്രങ്ങളുടെ മറക്കാത്ത അവസരമായി മാറ്റുന്നു. അവിടുത്തെ സന്നിധിയിൽ നന്ദിയോടെ നമ്മൾ പ്രവേശിക്കുന്നു. പ്രേഷിത ദൗത്യത്തിന്റെ തീനാളത്തെ ജ്വലിക്കുന്ന അഗ്നിയായി മാറ്റാനുള്ള ദൃഡനിശ്ചയത്തോടുകൂടിവരിക. കർത്താവിന്റെ ശക്തമായ സാന്നിധ്യം നമ്മുടെ മേലുണ്ടാകും നമ്മുടെ കൂടെയുള്ളവരുടേയും സുഹൃത്തുക്കളുടെയും കർത്താവിലുള്ള സന്തോഷത്തിന്റെ ചൈതന്യം നമ്മിൽ ഈ അഗ്നി നിറയ്ക്കുന്നു. ബത്‌ലഹേമിലെ നക്ഷത്രങ്ങൾ നമ്മുടെ ഹൃദയത്തെയും ഭവനത്തെയും അവിടുത്തെ ശാന്തിയും സന്തോഷവും കൊണ്ട് നിറയ്ക്കുമ്പോൾ നമ്മൾ ആത്മാവിൽ ശുദ്ധീകരിക്കപ്പെടട്ടെ, നവീകരിക്കപ്പെടട്ടെ പ്രോജ്വലിക്കപ്പെടട്ടെ. അങ്ങനെഅവിടുത്തെ ആത്മാവിനെശ്രവിച്ച് ഉച്ചത്തിൽ ആലപിക്കാം ''ഒരു ജനാവലി ഉയരുന്നതിന്റെ ശബ്ദം ഞാൻ കേൾക്കുന്നു.''
നമുക്ക് അവിടെ വച്ച് കാണാം

---

♦പരിശുദ്ധ പിതാവ് കോൺഫ്രൻസിൽ പങ്കെടുക്കുന്നവർക്ക് പൂർണ്ണ ദണ്ഡവിമോചനം പ്രഖ്യാപിച്ചിരിക്കുകയാണ്. നമുക്ക് അത് എപ്രകാരം സ്വീകരിക്കാവാവും? സഭയുടെ ഔദ്യോഗിക വെളിപ്പെടുത്തൽ പ്രകാരം പൂർണ്ണ ദണ്ഡവിമോചനം കിട്ടണമെങ്കിൽ മൂന്ന് കാര്യങ്ങൾ പൂർത്തിയാക്കണം. അവ വിശുദ്ധ കുർബാന, കുമ്പസാരം, സഭയുടെ പരമാധികാരത്തോട് ഈ ഉദ്ദേശത്തോടുള്ള പ്രാർത്ഥനഎന്നിവയാണ്. പാപത്തോടും പാപ സാഹചര്യങ്ങളോടും അകന്ന് നിൽക്കേണ്ടത് ഈ അനുഗ്രഹം ലഭിക്കാൻ അത്യാവശ്യമാണ്. അതുകൊണ്ട് കോൺഫ്രൻസിലേക്ക് വരുമ്പോൾ അനുരഞ്ജനത്തിനുള്ള കൂദാശ സ്വീകരിച്ച് ഒരുങ്ങി കടന്നുവരിക.